# എസ് എൻ സി പിവൈഎച്ച്എസ് എസ് നീരാവിൽ കൊല്ലം

## School code-41071

## ലിറ്റിൽ കൈറ്റ്സ് സ്കൂൾ തല ഏകദിന ക്യാമ്പ് റിപ്പോർട്ട്

2018-19 അധ്യയനവർഷത്തെ ലിറ്റിൽ കൈറ്റ്സിന്റെ സ്കൂൾ തല ഏകദിന ക്യാമ്പ് 15/8/2018-ൽ നടന്നു. സ്വാതന്ത്യദിനപരിപാടകൾക്ക്ശേഷം കൃത്യം 10 മണിക്ക് തന്നെ ഈശ്വര പ്രാർത്ഥന യോടെ ക്യാമ്പ് ആരംഭിച്ചു. കൈറ്റിലെ കുട്ടികൾ സ്വാതന്ത്ര്യദിനറാലിയിൽ പങ്ക് എടുത്തിരുന്നു. സ്കൂൾ പിറ്റിഎ പ്രസിഡന്റ് ചിഞ്ചുറാണി അവർകൾ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എസ് ഐറ്റി സി ബീന ടീച്ചർ സ്വാഗതം ആശംസിച്ചു. HM ശ്രീമതി മിനി എസ് കെ ആശംസാപ്രസംഗം നടത്തി. 10.30 ന് ക്ളാസ് ആരംഭിച്ചു. ഓപ്പൺഷോട്ട് വീഡിയോ എഡിറ്റിംഗ്, ഓഡിയോ എഡിറ്റിംഗ് എന്നിവയെക്കുറിച്ചായിരുന്നു ക്ളാസ്. കൈറ്റ് മിസ്ട്റസുമാരായ മീരടീച്ചർ, ചിത്രടീച്ചർ എന്നിവർ സഹായിച്ചു.






ഓഡാസിററി ഉപയോഗിച്ച് സ്വന്തം ശബ്ദം എങ്ങിനെ എഡിറ്റ് ചെയ്ത് സേവ് ചെയ്യാം എന്ന് പഠിപ്പിച്ചു. ഒരു മണിക്ക് ക്ളാസ് ഉച്ചഭക്ഷണത്തിനായി പിരിഞ്ഞു. ബിരിയാണി ആയിരുന്നു. അതിനുശേഷംകുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ചിത്രങ്ങൾ വീഡിയോകൾ ശബ്ദം ഫയലുകൾ ഇവ ഉപയോഗിച്ച് അനിമേഷൻ വീഡിയോകൾ തയ്യാറാക്കി അവതരിപ്പിച്ചു. 4 മണിക്ക് ക്ളാസ് അവസാനിച്ചു.







